**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഗവേഷണപ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെ റിസർച്ച് സെന്ററുകളിലെയും, ജൈവവൈവിധ്യവും ടാക്സോണമിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത് ലഭിക്കുന്നതിനുള്ള സമയദൈർഘ്യം എത്രയാണെന്ന് വിശദമാക്കാമോ; | (എ) | ഗവേഷണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ഗവേഷകൻ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ഗവേഷണത്തിന്റെ ഉദ്ദേശലക്ഷ്യം മെത്തഡോളജി, ലിറ്ററേച്ചർ റിവ്യൂ, വർക്ക് പ്ലാൻ, ബഡ്ജറ്റ്, ഫണ്ടിംഗ് സ്രോതസ്, ഗവേഷണത്തിന്റെ പ്രതീക്ഷിക്കുന്ന പരിണിതഫലം, ഗവേഷണത്തിന്റെ സമയ ദൈർഘ്യം, ഗവേഷണം നടത്താനുദ്ദേശിക്കുന്ന വനമേഖല, ശേഖരിക്കാൻ ഉദ്ദേശിക്കുന്ന സ്പെസിമൻ എന്നിവ രേഖപ്പെടുത്തി ചീഫ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. ഗവേഷകന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററിന്റെ അപേക്ഷയും, വനമേഖലകളിലേക്ക് ഗവേഷണ വിദ്യാർത്ഥിയോടൊപ്പം അനുഗമിക്കുന്ന ഗവേഷകരുടെ അപേക്ഷകളും ഗവേഷണ പ്രബന്ധത്തിന്റെ ലഘുരൂപവും (Synopsis) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സംരക്ഷിത വനമേഖലകളിൽ ഗവേഷണം നടത്താൻ ഉദ്ദേശിച്ച നൽകുന്ന അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ വച്ച് അനുമതി നേടേണ്ടതാണ്. സ.ഉ.(സാധാ) 188/2008/വനം, തീയതി 04.04.2008 പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 3 മാസത്തിൽ ഒരിക്കലെങ്കിലും ടെക്നിക്കൽ കമ്മിറ്റി യോഗം ചേരേണ്ടതും, ടി യോഗത്തിന് 15 ദിവസം മുൻപ് വരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കേണ്ടതുമാണ്. അവസാനമായി ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത് 15.09.2021 ന് ആണ്. എന്നാൽ, ശാസ്ത്ര |

| | | | |
|---|---|---|---|
| | | | സാങ്കേതിക വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ബയോടെക്നോളജി വകുപ്പ്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ശാസ്ത്ര വകുപ്പുകളുടെ അനുമതി ലഭിച്ച ഗവേഷണ പദ്ധതികൾ ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുണ്ടതില്ല. ഗവേഷണത്തിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ 5000 രൂപയുടെ കരുതൽ തുക ട്രഷറി അക്കൗണ്ടിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ നിക്ഷേപിക്കേണ്ടതാണ്. ഈ തുക ഗവേഷണത്തിനുശേഷം ബാധ്യത ഇല്ലാത്തപക്ഷം തിരികെ നൽകുന്നതും, അല്ലാത്തപക്ഷം കണ്ടുകെട്ടുന്നതുമാണ്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കും, സ്വയം ഭരണ സ്ഥാപനങ്ങൾക്കും കരുതൽ തുക ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഗവേഷണ അനുമതിക്കായുളള അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലയളവ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | വനങ്ങളുടെ സംരക്ഷിത മേഖലയിലേക്ക് ഗവേഷണത്തിന് അനുമതി നൽകുന്നതിനുളള മാനദണ്ഡം വിശദമാക്കാമോ; | (ബി) | വന്യജീവി (സംരക്ഷണ) നിയമം 1972, സെക്ഷൻ 12 (ബി) (സി) ആധാരമാക്കിയാണ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഗവേഷണ അനുമതി നൽകുന്നത്. ജൈവ സാമ്പിളുകൾ ശേഖരണം സെക്ഷൻ 12 (സി) പ്രകാരമാണ് അനുമതി നൽകുന്നത്. വന്യജീവി (സംരക്ഷണ) നിയമം 1972 ലെ ഷെഡ്യൂൾ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന എതെങ്കിലും ജീവി വർഗ്ഗവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയും മറ്റു ഷെഡ്യൂളുകളിൽ ഉൾപ്പെട്ട (Schedule \| to IV) ജീവവർഗ്ഗവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയും ആവശ്യമാണ് വനത്തിനുപുറത്ത് കാണുന്ന സസ്യ ജന്തുജാലങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കോ, വനത്തിനു പുറത്ത് നടത്താവുന്ന ഗവേഷണങ്ങൾക്കോ അനുമതി കൊടുക്കാറില്ല. |
| (സി) | നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തീർക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾ, വനം വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകുന്നതുമൂലം നീണ്ടുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾക്ക് | (ഡി) | ചീഫ് വൈൽഡ് ലൈഫ് വാർഡന് ലഭിക്കുന്ന നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ട ഗവേഷണത്തിനായുള്ള അപേക്ഷകൾക്ക് മുൻഗണന |

| | | | |
|---|---|---|---|
| | പ്രസ്തുത അനുമതി വേഗത്തിൽ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | നൽകി. അവയ്ക്ക് അനുമതി നൽകിയും, ഗവേഷണത്തിനുള്ള അപേക്ഷകൾക്ക് അനുമതി നൽകാൻ ഓൺലൈൻ സംവിധാനം വികസിപ്പിച്ചും അനുമതി വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# **അനുബന്ധം – 1**

| **ഹ്രസ്വകാല ഗവേഷണങ്ങൾ (6 മാസത്തിൽ താഴെയുള്ളവ)** | | **ദീർഘകാല ഗവേഷണങ്ങൾ (6 മാസത്തിൽ കൂടുതൽ)** | |
|---|---|---|---|
| ഒരു സംരക്ഷിത വനപ്രദേശം മാത്രം ഉൾപ്പെടുന്ന ഗവേഷണങ്ങൾ | ഒന്നിൽ കൂടുതൽ സംരക്ഷിത വനപ്രദേശം ഉൾപ്പെടുന്ന ഗവേഷണങ്ങൾ | ഒരു സംരക്ഷിത വനപ്രദേശം മാത്രം ഉൾപ്പെടുന്ന ഗവേഷണങ്ങൾ | ഒന്നിൽ കൂടുതൽ സംരക്ഷിത വനപ്രദേശം ഉൾപ്പെടുന്ന ഗവേഷണങ്ങൾ |
| 2 മാസം | 3 മാസം | 3 മാസം | 4 മാസം |